# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2843** — **18.06.2018-ന് മറുപടിയ്ക്ക്**

## സർക്കാർ സ്കൂളുകൾക്ക് കെട്ടിട നിർമ്മാണം

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബിയുടെ ധനസഹായത്തോടെ 5 കോടി രൂപ, 3 കോടി രൂപ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പൊതു-വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് എന്നിവയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും കെട്ടിടങ്ങൾ നിർമ്മിക്കാൻ പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (ബി) | എങ്കിൽ ഇവയ്ക്കു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | അടിസ്ഥാന സൗകര്യം ആവശ്യമുള്ള സ്കൂളുകൾ തെരഞ്ഞെടുത്ത് നിർദേശിക്കുന്നത് അതാത് മണ്ഡലം എം.എൽ.എ മാരാണ്. |
| (സി) | അഞ്ഞൂറിലധികം കുട്ടികളുള്ള സ്കൂളുകൾക്കും ആയിരത്തിലധികം കുട്ടികളുള്ള സ്കൂളുകൾക്കും എത്ര തുക വീതമാണ് കെട്ടിട നിർമ്മാണത്തിനായി നൽകുന്നത്; വിശദാംശം വെളിപ്പെടുത്തുമോ? | (സി) | കഴിഞ്ഞ സാമ്പത്തിക വർഷം കിഫ്ബിയുടെ 5 കോടി രൂപ പദ്ധതിയും, 3 കോടി രൂപ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 51 പ്രകാരം കഴിഞ്ഞ വർഷം പ്രഖ്യാപിച്ച 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകളുടെ ലിസ്റ്റിൽ നിന്നും വിട്ടുപോയ സ്കൂളുകൾക്ക് മുമ്പ് പ്രഖ്യാപിച്ച 3 കോടി രൂപ ലഭ്യമാക്കുമെന്നും, 2018-19 സാമ്പത്തിക വർഷത്തിൽ കിഫ്ബിയുടെ ആഭിമുഖ്യത്തിൽ സ്കൂൾ നവീകരണ പരിപടിയിൽ 500 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന എല്ലാ സ്കൂളുകളുടെയും പശ്ചാത്തല സൗകര്യ വികസനത്തിന് 50 ലക്ഷം രൂപ മുതൽ 1 കോടി രൂപവരെ ചെലവഴിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |

Namitha

സെക്ഷൻ ഓഫീസർ